ഈ സർക്കാരിന്റെ ഭരണകാലത്ത് നിരത്തുവിഭാഗത്തിൻ കീഴിൽ 11777 കി.മീ. റോഡുകൾ നവീകരിച്ചു.

കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്റ്റേറ്റ് ഹൈവേകളുടെയും മേജർ ഡിസ്ട്രിക്ട് റോഡുകളുടെയും സമഗ്ര വികസനത്തിനായി രൂപം കൊടുത്ത സംസ്ഥാന റോഡുവികസന പദ്ധതി (SRIP) യിൽ ഉൾപ്പെടുത്തി 83 കി.മീ. നീളം വരുന്ന 4 റോഡുകൾ ദേശീയനിലവാരത്തിൽ പുതുക്കിപ്പണിയുന്നതിന് പി.പി.പി./ആന്വിറ്റി രീതിയിൽ നിർമ്മാണ കാലാവധിക്കുശേഷം 13 വർഷം പരിപാലിക്കുന്നതിനുള്ള വ്യവസ്ഥയോടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കൺസഷൻ എഗ്രിമെന്റ് വച്ചിട്ടുണ്ട്.

(ബി) നിലവിൽ ദേശീയപാതകളെല്ലാം തന്നെ ബി.എം. & ബി.സി. ഉപയോഗിച്ച് ഉപരിതലം ബലപ്പെടുത്തിയിട്ടുള്ളതാണ്. പുതുതായി പ്രഖ്യാപിച്ച എൻ.എച്ച്. 183 എ-യും, 185-ഉം കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന ബി.എം. ആന്റ് ബി.സി. ഉപയോഗിച്ച് ബലപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബി.എം. & ബി.സി. ഉപയോഗിച്ച് എകദേശം 3840 കി.മീ. സംസ്ഥാന റോഡുകളുടെ ഉപരിതലം പുതുക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബാക്കിയുള്ള റോഡുകൾ ഉപരിതലം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിലെ ദേശീയപാതകളായ എൻ.എച്ച്. 17-ന്റെയും എൻ.എച്ച്. 47-ന്റെയും തലപ്പാടി മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗം സംസ്ഥാന സർക്കാരിന്റെ പൂർണ്ണ സഹകരണത്തോടെ 45 മീ.റൈറ്റ് ഓഫ് വേയിൽ സ്ഥലമെടുത്ത് നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് എൻ.എച്ച്.എ.ഐ. പുതിയ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ എടുത്തുകഴിഞ്ഞു.

സ്കൂളുകളിൽ മലയാളം നിർബന്ധ ഭാഷ

17 (*258) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി . വിഷ്ണുനാഥ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം നിർബന്ധ ഭാഷയായി പഠിപ്പിക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ-സി) കേരള സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ 10-ാം ക്ലാസ്സുവരെ മലയാളം നിർബന്ധഭാഷയാക്കിക്കൊണ്ട് സർക്കാർ 1-9-2011-ൽ സ. ഉ. (പി) നമ്പർ 183/2011/പൊ.വി.വ. പ്രകാരം ഉത്തരവു പുറപ്പെടുവിച്ചു. ഇതനുസരിച്ച് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. മറ്റ് ബോർഡുകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളുടെയും നിയന്ത്രണത്തിലുള്ള സ്കൂളുകളിലും സർക്കാർ എയ്ഡഡ് സ്കൂളുകളിലും മലയാളം നിർബന്ധ വിഷയമായി പഠിപ്പിക്കേണ്ടതാണ്. അൺ എയ്ഡഡ് (സ്വകാര്യ) സ്കൂളുകൾക്ക് എൻ.ഒ.സി. ലഭിക്കുന്നതിന് ഈ വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. കന്നട, തമിഴ്, ഗുജറാത്തി എന്നിവ മാതൃഭാഷയായുള്ള കുട്ടികൾ അവരുടെ മാതൃഭാഷ ഒന്നാം ഭാഷയായി തന്നെ പഠിക്കുവാൻ നിലവിലുള്ള സംവിധാനം തുടരുന്നതാണ്. എന്നാൽ അവർക്ക് നിലവിലുള്ള ഭാഷയ്ക്ക് പുറമേ മലയാളം കൂടി പഠിക്കാൻ സാഹചര്യം ഒരുക്കുന്നതാണ്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാത്തരം വിദ്യാലയങ്ങളിലും മലയാളം ഒരു വിഷയമായി പഠിപ്പിക്കുന്നതിന് മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരത്തിൽ മലയാള പഠനത്തിന് പ്രാധാന്യം നൽകുമ്പോൾ വേണ്ടിവരുന്ന പാഠപുസ്തകങ്ങൾ രൂപപ്പെടുത്തുന്നതിന് എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പിരീയഡുകളുടെ ക്രമീകരണം, പരീക്ഷാരീതി, അദ്ധ്യാപകരുടെ ക്രമീകരണം തുടങ്ങിയ കാര്യങ്ങളും മേൽപ്പറഞ്ഞ ഉത്തരവിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ പകർപ്പുകൾ എല്ലാ വിദ്യാഭ്യാസ ഉദ്യോഗസ്ഥർക്കും വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളിലും കൂടാതെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ നിർദ്ദേശങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കർശനമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നുമുണ്ട്.

ഇ-രേഖാ പദ്ധതി

18 (*259) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-രേഖാ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly